മണ്ണുപര്യവേഷണത്തിലൂടെ ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ച് മണ്ണിന്റെ രാസ ഭൗതിക സ്വഭാവങ്ങൾ, അവശ്യ മൂലകങ്ങൾ, ദ്വിതീയ മൂലകങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, മണ്ണൊലിപ്പിന്റെ തീവ്രത ഇടങ്ങി മണ്ണിനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും കർഷകർക്കും കൃഷിശാസ്ത്രജ്ഞർക്കും മറ്റ് ഉപഭോക്താക്കൾക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ അനായാസേന വെബ് സൈറ്റിലൂടെ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൂടാതെ കൃഷിയിടങ്ങളുടെ ഭൂവിനിയോഗക്ഷമത, ജലസേചനക്ഷമത, ഫലഭൂയിഷ്ഠത, വിള അനുയോജ്യത, ഭൂപരിപാലന ആവശ്യകത എന്നിവ സംബന്ധിച്ച വിവരങ്ങളും പഞ്ചായത്തുകളിലെ നെൽപ്പാടങ്ങളുടെ വിസ്തൃതി സംബന്ധിച്ച വിവരങ്ങളും ഇതിലൂടെ ലഭിക്കുന്നതാണ്.

(ബി) ആദ്യഘട്ടത്തിൽ തൃശ്ശൂർ ജില്ലയിലെ 88 പഞ്ചായത്തുകളുടെയും വയനാട് ജില്ലയിലെ 25 പഞ്ചായത്തുകളുടെയും ഒരു മുനിസിപ്പാലിറ്റിയുടെയും വിശദ മണ്ണ പര്യവേഷണം പൂർത്തീകരിച്ച് ഭൂപടങ്ങളും റിപ്പോർട്ടുകളും തയ്യാറാക്കി കഴിഞ്ഞു. രണ്ടാം ഘട്ടമായി ഇടുക്കി മലപ്പുറം ജില്ലകളുടെ സൂക്ഷ്മതല വിശദ മണ്ണപര്യവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരളത്തിലെ എല്ലാ പഞ്ചായത്തുകളും മിസ്സിന്റെ പരിധിയിൽ ഉൾപ്പെടുത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) മെയ് ആദ്യവാരത്തോടെ മിസ്സ് പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ചെരണ്ടത്തൂർ ചിറയിലെ പ്രവൃത്തികൾ

176 (3151) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്പേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി മണ്ഡലത്തിലെ ചെരണ്ടത്തൂർ ചിറയിൽ നെൽകൃഷി വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കറ്റ്യാടി മണ്ഡലത്തിലെ ചെരണ്ടത്തൂർ ചിറയിൽ താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത് :

1. കൃഷി ഭവൻ കനാലിന് തോട് ആഴം കൂട്ടലും സ്ലൂയിസ്സ് നിർമ്മാണവും
2. ചങ്ങരോക്ക പി.ബി.സി.-യുടെ റിപ്പയറും ബണ്ട് നിർമ്മാണവും
3. ചെരണ്ടത്തൂർ ചിറയിൽ ഷെഡ് നിർമ്മാണവും മോട്ടോർ ഫിറ്റിംഗ്സും
4. കട്ടിലമുഴി റിപ്പയർ
5. പരേരി മുഴിക്കൽബ്രിഡ്ജ് കം റഗുലേറ്റർ നിർമ്മാണം

(ബി) നൽകിയിട്ടുണ്ട്.

തൊഴിലാളികളുടെ വേതന കുടിശ്ശിക

177 (3152) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ TxD പോളിനേഷൻ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് കിട്ടാനുള്ള വേതനകുടിശ്ശിക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

നടപടികൾ സ്വീകരിച്ചുവരുന്നു.

കർഷകദിനാചരണം

178 (3153) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകദിനമായ ചിങ്ങം ഒന്ന് കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കാമോ ;

(ബി) കർഷകദിനാചരണം കൂടുതൽ ജനപങ്കാളിത്തത്തോടെ സംഘടിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly